TRADE EXPO SPECIAL
SUPPLEMENT

# BUSINESS KERALA

2022 SEPTEMBER EDITION

Businesskerala



## ബിസിനസിന് ഇനി വളർച്ചയുടെ ദിനങ്ങൾ

ബിസിനസ്
**വിജയ കഥകൾ**

ബിസിനസ്
**വളർത്താൻ 8 കാര്യങ്ങൾ**




**Branches :** Trivandrum, Cherthala, Vyttila, Ernakulam, Kunnukara, Thrissur, Koppam, Nenmara, Malappuram, Valanchery, Feroke, Calicut, Kannur & Kasaragod

Customer support : **+91 94 95 96 4 55 4**

Toll Free : **1800 890 50 60**

BUSINESS KERALA
transform your business

**Chairman & Managing Editor:**
**Noushad EP**

**Editorial Director:**
**Hashir Abdulla**

**Business Officer:**
**Muhammed Shakir**

Creative Head:
Jiyad ZainCo

Digital Support:
ZainCo Digital Consultancy

Cover Design:
Ashique ZainCo

Layout:
Midlaj ZainCo

Content Coordinator
Faiz P

Tech Support:
Munawar ZainCo

**Editorial Office:**
Door No.10/205(7), TKB Centre,
Chuduvalathur, Shoranur-679 122

**Contact:**
+91 75 111 88 200
+91 75 111 94 200
www.businesskerala.org
businesskeralaorg@gmail.com

**Disclaimer:**
Every Effort is made to provide accurate and up to date information. The publishers cannot accept any consequences rising from the use of information provided.

Printed At
Sterling Print House Pvt.Ltd Cochin

www.businesskerala.org

## EDITORIAL




ഇതൊരു പുതിയ കാൽവെപ്പാണ്. പ്രതീക്ഷകളുടെയും പ്രത്യാശകളുടെയും ഉയരങ്ങളിലേക്ക് ചവിട്ടിക്കയറാനുള്ള ആദ്യ കാൽവെപ്പ്. ഇന്ത്യയിലെത്തന്നെ ഏറ്റവും വലിയ ബിസിനസ് നെറ്റ്‌വർക്കുകളിൽ ഒന്നായി വളർന്ന ബിസിനസ് കേരള, കൈരളിയുടെ കച്ചവട, വ്യാവസായിക മേഖലക്ക് സമർപ്പിക്കുന്ന പുതിയ സംരംഭം 'ബിസിനസ് കേരള മാഗസിൻ'.

ബിസിനസ് കേരള മാഗസിന്റെ ഈ ആദ്യ ലക്കം നിങ്ങൾക്ക് സമർപ്പിക്കുമ്പോൾ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഒരുപാട് കാലത്തെ ചിന്തകളുടെയും ആലോചനകളുടെയും ഉദ്യമങ്ങളുടെയും പൂർത്തീകരണം സാധ്യമായ സന്തോഷം. നിങ്ങൾക്ക് മൂല്യമേറെയുള്ള ചിലത് പകരാൻ കഴിയുന്നതിലുള്ള സന്തോഷം. ഈ സന്തോഷം എന്നും നിലനിൽക്കട്ടെയെന്നാണ് പ്രാർത്ഥന.

ബിസിനസ് കേരള ഈയൊരു മാഗസിനുമായി മുന്നോട്ടുവന്നതിന് ഒരുപാട് ലക്ഷ്യങ്ങളുണ്ട്. ആഗോള കച്ചവട-വ്യാവസായിക രംഗങ്ങളിൽ ഉദിച്ചുവരുന്ന നവീന ആശയങ്ങളും പ്രവണതകളും കേരളത്തിലെ ബിസിനസുകൾക്ക്, പ്രത്യേകിച്ചും ചെറുകിട-ഇടത്തരം ബിസിനസുകൾക്ക്, ലളിതമായും സരളമായും പങ്കുവെക്കുക, പുതിയ സംരംഭകരെ പ്രചോദിപ്പിക്കുക, വളർന്നുവരുന്ന കഴിവുറ്റ ബിസിനസ് സംരംഭങ്ങളെയും വ്യക്തികളെയും പരിചയപ്പെടുത്തുക, നവീന വ്യാവസായിക, വാണിജ്യ ഉദ്യമങ്ങൾ ആഗ്രഹിക്കുന്നവർക്ക് വഴികാണിക്കുക, മൂല്യവത്തായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവയൊക്കെ ഈ ലക്ഷ്യങ്ങളിൽ ചിലതാണ്.

ഈ സംരംഭം അതുല്യവും അനന്യവുമാണെന്ന് അവകാശപ്പെടുന്നില്ല. പക്ഷെ, നിങ്ങളുടെ ബിസിനസ് സ്വപ്നങ്ങൾക്ക് ചിറകേകുന്ന, നിങ്ങളുടെ നിശ്ചയദാർഢ്യത്തെ ശക്തിപ്പെടുത്തുന്ന, നിങ്ങൾക്ക് പുതിയ ചിന്തകളും ആശയങ്ങളും സമ്മാനിക്കുന്ന ചിലത് എല്ലാ ലക്കത്തിലും നിങ്ങൾക്ക് കൈമാറാനാകുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. എന്നും നിങ്ങൾ കൂടെയുണ്ടാകുമെന്ന പ്രതീക്ഷയോടെ ബിസിനസ് കേരള മാഗസിന്റെ ഈ ആദ്യ ലക്കം നിങ്ങൾക്ക് സമർപ്പിക്കുന്നു.

**നൗഷാദ് ഇ.പി**
ചെയർമാൻ & മാനേജിങ്ങ് എഡിറ്റർ




BUSINESS
KERALA
2022 • SEPTEMBER • EDITION
MAGAZINE

# Content

**COVER STORY**

06 ബിസിനസിന് ഇനി വളർച്ചയുടെ ദിനങ്ങൾ

08 ഇനി 'നിർമ്മിത ബുദ്ധി'യുടെ കാലം

**SUCCESS STORY**

16 ബിസിനസ് വിജയ കഥകൾ

10 ബിസിനസ് വളർത്താൻ 8 കാര്യങ്ങൾ

12 ബിസിനസ് കേരള: സംരംഭകർക്കൊരു മികച്ച നെറ്റ്‌വർക്ക്

14 ZainCo Digital Consultancy: ബിസിനസ് വളർത്താൻ ഒരു ഡിജിറ്റൽ സ്ട്രാറ്റജി

17 സിൽവാൻ മുസ്തഫ: യൂട്യൂബ് ചാനൽ വഴി ബ്രാൻഡ് വളർത്തിയ യുവ സംരംഭകൻ

20 ജനമനസ്സുകൾ കീഴടക്കി TOI കഫെ ഉയരങ്ങളിലേക്ക്

21 VIERA: വുഡൻ ഫ്ളോറിംഗിന്റെ വശ്യലോകം

22 ഡിജ്ബിസ് ബിൽഡ് ഓൺ ക്വളിറ്റി റൈറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി

25 വാട്ടർപ്രൂഫിംഗിൽ ഗുണമേന്മയുടെയും സുതാര്യതയുടെയും മറുവാക്കായി വളർന്ന സംരംഭം

30 പുതുലോകം നിർമിക്കാൻ നെക്സ്റ്റ് ജനറേഷൻ ബിൽഡിങ്ങ് സിസ്റ്റവുമായി ഇനോക്സ്

32 ഡോർ മേഖലയിൽ തരംഗം സൃഷ്ട്ടിച്ചു കൊണ്ട് ഹവായ് സ്റ്റോറുകൾ

34 No.1 ഇന്ത്യൻ ക്രാഫ്റ്റ് ബ്രാൻഡ്, 'മാന്നാർ ക്രാഫ്റ്റ്'

35 കരുത്തോടെ, മുന്നോട്ട്..

36 കാൻട്രി ഫ്രോസൺ: ഇന്ത്യയിലെ ആദ്യ ഫ്രോസൺ സൂപ്പർമാർക്കറ്റ് നെറ്റ്‌വർക്ക്

38 bkfinder.com ൽ രജിസ്റ്റർ ചെയ്യൂ ! നിങ്ങളുടെ ബിസിനസ്സ് ഇനി എല്ലാവരും അറിയട്ടെ!

42 എക്സോഡസ് ബിസിനസ് സൊല്യൂഷൻസ്: ഇനി ഇ-ഇൻവോയ്സിംഗ് ഈസി



# TOTAL SOLUTIONS
## FOR GARMENT INDUSTRY

**JIN OVERLOCK SEWING MACHINE**



**JACK BUTTON HOLE SEWING MACHINE**



**JIN FLAT LOCK SEWING MACHINE**



**AUTOMATIC FABRIC CUTTING MACHINE**



**PLOTTER**



**FUSING MACHINE**



**STRAIGHT KNIFE CUTTING MACHINE**



**JIN SEWING MACHINE**



iECHO JIN JACK JUKI

**SALES - SERVICE AND SPARES FOR SEWING, CUTTING & FUSING MACHINES**

amtc™

www.amtccochin.in | sales@amtccochin.in

PONEKKARA ROAD, ERNAKULAM-682024

0484-2341364 | 9447 001 364

9188 641 703 | 8330 001 364

UTHRAM SEWING SYSTEMS

PONEKKARA ROAD, ERNAKULAM-682024

9188 641 703 | 9188 651 703

9446 057 364

COVER STORY

# ബിസിനസിന് ഇനി വളർച്ചയുടെ ദിനങ്ങൾ



കോവിഡ് മഹാമാരി വിതച്ച അഭൂതപൂർവമായ ദുരിതങ്ങളുടെ ഇരുട്ടിൽനിന്ന് ലോകം പ്രത്യാശയുടെ വെളിച്ചത്തിലേക്ക് വന്നിരിക്കുന്നു. നിലച്ചുപോയ വ്യവസായങ്ങൾ പൂർവോപരി ശക്തിയോടെ പുനരാരംഭിച്ചു. തകർന്നുപോയ വാണിജ്യങ്ങൾ പുതിയ നിശ്ചയദാർഢ്യത്തോടെ ഉയർത്തെഴുന്നേറ്റു. മഹാമാരി എഴുതുവിട്ട വെല്ലുവിളികളുടെ അസ്ത്രങ്ങളെ അവസരങ്ങളുടെ കവചമുപയോഗിച്ച് പ്രതിരോധിക്കുന്ന മനുഷ്യരെ നാം കണ്ടു. ഇതെല്ലം പറയുന്നത് ബിസിനസിന് ഇനി വളർച്ചയുടെ ദിനങ്ങൾ വരുന്നെന്നാണ്.

## മഹാമാരി തുറന്ന അവസരങ്ങൾ

വെല്ലുവിളികളെ അവസരങ്ങളായി പരിവർത്തിപ്പിക്കുന്നവരാണ് എന്നും ചരിത്രത്തിൽ വിജയികളായി വാഴ്ത്തപ്പെട്ടവർ. വെല്ലുവിളികളിൽ ഭയന്ന് ആത്മവിശ്വാസം ചോർന്നുപോകുന്നവർക്ക് ഉയരങ്ങളിലേക്ക് പറക്കാനാകില്ല. കോവിഡ് മഹാമാരിയിൽ ആദ്യമൊന്ന് പകച്ചെങ്കിലും അതിനെ അവസരങ്ങളായി കണ്ടവരാണ് അധികപേരും.

പല ഇന്നൊവേറ്റീവ് ബിസിനസുകളെക്കുറിച്ചും ആലോചിക്കാൻ പുതിയ വ്യാവസായിക തലമുറ നിർബന്ധിതരായി എന്നതാണ് കോവിഡ് ഉയർത്തിയ വലിയ അവസരങ്ങളിലൊന്ന്. കോവിഡ് കാലത്തും കോവിഡാനന്തരവും ഒരുപാട് നൂതന സംരംഭങ്ങളും, കുറെ സംരംഭകരും ഉയർന്നുവന്നുവെന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. കമ്പനികളൊക്കെ ഉത്പാദനക്ഷമത വർധിപ്പിക്കാൻ നവീന രീതികൾ സ്വീകരിച്ചു തുടങ്ങി.

ബിസിനസുകളുടെ ഡിജിറ്റൽവൽക്കരണമാണ് (digitalization) കോവിഡ് തുറന്ന മറ്റൊരു സാധ്യത. ഇതിലൂടെ ഓൺലൈൻ കച്ചവടത്തിന്റെ അനന്ത സാധ്യതകളെക്കുറിച്ച് ചെറുകിട വ്യവസായക്കാർ വരെ ചിന്തകൾ ആരംഭിച്ചു. പുതിയ തലമുറ സാമൂഹ്യ മാധ്യങ്ങൾ ഉപയോഗിച്ച് ബിസിനസ് സംരംഭങ്ങക്ക് തുടക്കം കുറിച്ചു. കോവിഡ് കാലത്ത് ഇ-കൊമേഴ്സ് സെക്റ്റർ വലിയ തോതിലുള്ള വളർച്ചയാണ് നേടിയതെന്ന് ഏറ്റവും പുതിയ പഠനങ്ങളും സൂചിപ്പിക്കുന്നു.

## നാലാം വ്യാവസായിക വിപ്ലവം

ഇന്ത്യ നാലാം വ്യവസായിക വിപ്ലവത്തിലേക്ക് മുന്നേറുന്നുവെന്നാണ് ഈയടുത്ത് നമ്മുടെ പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. രാജ്യം ശാസ്ത്ര സാങ്കേതികവിദ്യയിലധിഷ്ഠിതമായ വികാസത്തിനാണ് ഇനി പ്രാധാന്യം നൽകുകയെന്ന് അദ്ദേഹം പറഞ്ഞു. ബിസിനസിന്റെ വരും നാളുകളിലെ വളർച്ചയുടെ സൂചനയാണ് ഈ പ്രസ്താവനകളെന്നാണ് രാജ്യത്തെ വാണിജ്യ നിരീക്ഷകരുടെ പക്ഷം.

കൃത്രിമബുദ്ധി (Artificial Intelligence) റോബോട്ടിക്സ്, ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐ.ഓ.ടി), ജനറ്റിക് എഞ്ചിനീയറിംഗ് തുടങ്ങിവയുടെയൊക്കെ അനന്ത സാധ്യതകളെ മനുഷ്യന്റെ




**വെല്ലുവിളികളെ അവസരങ്ങളായി പരിവർത്തിപ്പിക്കുന്നവരാണ് എന്നും ചരിത്രത്തിൽ വിജയികളായി വാഴ്ത്തപ്പെട്ടവർ.**

ജീവിത സാഹചര്യങ്ങളിലേക്ക് സന്നിവേശിപ്പിച്ച് വികസനത്തിന്റെ പുതിയലോകം തീർക്കുകയാണ് നാലാം വ്യാവസായിക വിപ്ലവത്തിന്റെ ലക്ഷ്യം. ഇത് വരാനിരിക്കുന്ന വലിയ നൂതന വാണിജ്യ-വ്യവസായ വളർച്ചയുടെ ആരംഭമാണ്.

## നമ്മൾ എങ്ങനെ ഒരുങ്ങണം

ഇതാണ് ഏറ്റവും പ്രധാനം. ലോകം മാറുന്നത് കൊണ്ട് മാത്രം നമ്മൾ മാറുന്നില്ല. നമ്മുടെ വളർച്ചയും തളർച്ചയും തീരുമാനിക്കുന്നത് നമ്മൾ തന്നെ. കച്ചവടത്തിന്റെ പഴഞ്ചൻ രീതികളും കാലഹരണപ്പെട്ട തിയറികളും മുറുകെപ്പിടിച്ചിരുന്നാൽ അതിവേഗം മാറുന്ന കാലത്ത് നമ്മൾ ഒറ്റപ്പെട്ടുപോകും. തുറന്ന മനസ്സോടെയും ചിന്തയോടെയും പുതിയ കാലത്തോട് സംവദിച്ച്, നവീന വ്യാവസായിക പ്രവണതകളെ പഠിച്ച്, അവയെ നമ്മുടെ സംരംഭങ്ങളിൽ പ്രയോഗവൽക്കരിക്കുകയാണ് നമ്മൾ ചെയ്യേണ്ടത്. ഇതിനായി ദിവസവും ഇത്തിരി സമയം നമുക്ക് മാറ്റിവെക്കാം, അറിവുള്ളവരോട് സംസാരിക്കാം, സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗപ്പെടുത്താം, റിസേർച് ചെയ്യാം, വർക്ക്ഷോപ്പുകളിലും ട്രൈനിംഗ് സെഷനുകളിലും പങ്കെടുക്കാം, പുതിയ സ്കില്ലുകൾ പഠിക്കാൻ സമയം കണ്ടെത്താം.



# ഇനി 'നിർമ്മിത ബുദ്ധി'യുടെ കാലം

> ഭാവിയിലെ ബിസിനസ് വളർച്ചയെ നിയന്ത്രിക്കുന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസായിരിക്കും. നമ്മുടെ ബിസിനസ് ഈ സാങ്കേതിക വിദ്യയെ എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും നമ്മുടെ ബിസിനസിന്റെ വളർച്ചയും.

നിർമ്മിത ബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ഇന്ന് ലോകം മുഴുവൻ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ഒരു ശാസ്ത്രസാങ്കേതിക പ്രതിഭാസമാണ്. അനതിവിദൂരമല്ലാത്ത ഭാവിയിൽ ഈ സാങ്കേതികവിദ്യ മാനുഷിക ജീവിതത്തിന്റെ നിഖില മേഖലകളിലും നിർണ്ണായക സ്വാധീനം ചെലുത്തുമെന്നാണ് പഠനങ്ങൾ പറയുന്നത്.

ഭാവിയിലെ ബിസിനസ് വളർച്ചയെ നിയന്ത്രിക്കുന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസായിരിക്കും. നമ്മുടെ ബിസിനസ് ഈ സാങ്കേതിക വിദ്യയെ എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും നമ്മുടെ ബിസിനസിന്റെ വളർച്ചയും.

## എന്താണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്?

ലളിതമായിപ്പറഞ്ഞാൽ മനുഷ്യനെപ്പോലെ ചിന്തിക്കുവാനും തീരുമാനങ്ങളെടുക്കുവാനും സാധിക്കുന്ന യാന്ത്രിക സംവിധാനങ്ങളെ രൂപപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ ശാസ്ത്രത്തിലെ പഠനശാഖയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. കമ്പ്യൂട്ടിംഗ് സിസ്റ്റങ്ങളുപയോഗിച്ച് മനുഷ്യബുദ്ധിയുടെ വിവേകം, തിരിച്ചറിയൽ, തീരുമാനം കൈകൊള്ളാനുള്ള കഴിവ്, വിശകലനം, സംസാരശേഷി, വിവരണം, ഭാഷകളുടെ ഉപയോഗവും വിവർത്തനവും പോലുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ഈ സാങ്കേതികവിദ്യക്ക് സാധിക്കുന്നു.

സെൽഫ്-ഡ്രൈവിംഗ് കാറുകളുടെ വികസനം മുതൽ സിരി, അലക്സ തുടങ്ങിയ സ്മാർട്ട് അസിസ്റ്റന്റുകളുടെ വ്യാപനം വരെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇപ്പോൾ തന്നെ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി വളർന്നുകൊണ്ടിരിക്കുന്നു. ഈ സാങ്കേതികവിദ്യയിലെ വലിയ ഭാവി മുന്നിൽ കണ്ട് ലോകത്തെ വ്യവസായ ഭീമന്മാരും വലിയ ടെക് കമ്പനികളുമൊക്കെ 'നിർമ്മിത ബുദ്ധിയുടെ' പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വികസനത്തിനുമായി വലിയ നിക്ഷേപങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

1965 ൽ അമേരിക്കൻ കമ്പ്യൂട്ടർ ശാസ്ത്രജ്ഞനായ ജോൺ മക്കാർത്തിയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന പേര് ഈ ശാസ്ത്ര ശാഖക്ക് നൽകിയത്. അദ്ദേഹത്തിന്റെ നിർവചനത്തിൽ എ.ഐ 'ബുദ്ധിയുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുവാനുള്ള ശാസ്ത്രവും എൻജിനീയറിംഗും' ആണ്.

## ആർട്ടിഫിഷ്യൽ ഇന്റെലിജൻസിന്റെ ഭാവി

സൂചിപ്പിച്ച പോലെ, ഇപ്പോൾത്തന്നെ നമ്മുടെ ജീവിതത്തിന്റെ പല മേഖലകളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്വാധീനം ചെലുത്തിത്തുടങ്ങിയിരിക്കുന്നു. റീട്ടെയിൽ, ഓട്ടോമൊബൈൽ, വിദ്യാഭ്യാസം, ആരോഗ്യം, കമ്മ്യൂണിക്കേഷൻ മേഖലകൾ തുടങ്ങി ബഹിരാകാശ ഗവേഷണം വരെ നീണ്ടു നിൽക്കുന്നു ഇതിന്റെ സ്വാധീനവലയം. ഇത് വളരെ വേഗം വർധിക്കുമെന്നും എ.ഐയുടെ മാർക്കറ്റ് ഒരു കുതിച്ചുചാട്ടത്തിന് ഒരുങ്ങുകയുമാണെന്നാണ് ഈ മേഖലയിലെ ഏറ്റവും പുതിയ ഗവേഷണങ്ങൾ സൂചിപ്പിക്കുന്നത്.

പല രാജ്യങ്ങളും ഈ സാങ്കേതിക വിദ്യയുടെ പഠനത്തിനും ഗവേഷണത്തിനുമായി വലിയ പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഇന്ത്യയും ഒട്ടും പിന്നിലല്ല. ഇന്ത്യയുടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിപണി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 20% വളർച്ചയ്ക്ക് സാക്ഷ്യം വഹിക്കുമെന്നാണ് മൈക്രോസോഫ്റ്റും ഇന്റർനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ (IAMAI) യും ചേർന്ന് നടത്തിയ 2022 ലെ ഒരു പഠനം വെളിപ്പെടുത്തിയത്. ലോകത്തിലെ ഏറ്റവും മികച്ച മൂന്ന് ടാലന്റ് മാർക്കറ്റുകളിൽ ഒന്നാണ് രാജ്യമെന്നും ലോകത്തിലെ AI ടാലന്റ് പൂളിന്റെ 16% ഇന്ത്യ ഉത്പാദിപ്പിക്കുന്നുവെന്നും ഈ പഠനം പറയുന്നു.





# ബിസിനസ് വളർത്താൻ എട്ട് കാര്യങ്ങൾ

ബിസിനസ് ഇനിയും വളരണം കൂടുതൽ ലാഭമുണ്ടാകണം എന്ന് ആഗ്രഹിക്കാത്തവരായി ആരുമുണ്ടാകില്ല. പുതിയ കാലത്തെ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും സാമൂഹ്യ മാധ്യമങ്ങൾ പ്രയോജനപ്പെടുത്തിയും നമ്മുടെ ബിസിനസിനെ എങ്ങനെ വളർത്താം എന്നാണ് നമ്മുടെയൊക്കെ ആലോചന. പക്ഷെ, എങ്ങനെ ചെയ്യും, എവിടെ തുടങ്ങും എന്നതിനെക്കുറിച്ച് ഒരു ധാരണയില്ല. ബിസിനസ് വളർത്താനുള്ള എട്ട് പ്രധാനപ്പെട്ടതും എന്നാൽ ലളിതവുമായ കാര്യങ്ങളാണ് നമ്മൾ ഇവിടെ പറയുന്നത്. ഇത് നിങ്ങൾക്ക് തീർച്ചയായും ഒരു വഴി തുറക്കുന്നതാണ്.

### ഡിജിറ്റൽ മാർക്കറ്റിംഗ്

ഇത് ഡിജിറ്റൽ യുഗമാണ്. എല്ലാം ഡിജിറ്റലൈസ്ഡ് ആയിക്കൊണ്ടിരിക്കുന്നു. ഓൺലൈൻ ഷോപ്പിംഗ് അഭൂതപൂർവമായ വളർച്ചയാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. പുതിയ തലമുറ ഓഫ്‌ലൈനിനെക്കാൾ ഓൺലൈൻ ഷോപ്പിംഗ് ഇഷ്ടപ്പെടുന്നവരാണ്. അപ്പോൾ ഡിജിറ്റൽ സാന്നിധ്യം ഇല്ലാതെ നമ്മൾ എങ്ങനെ നിലനിൽക്കും. ഓൺലൈൻ ഷോപ്പിംഗ് ചെയ്യുന്ന വലിയൊരു ഓഡിയൻസിനെ ടാർഗറ്റ് ചെയ്യാൻ ഡിജിറ്റൽ മാർക്കറ്റിംഗ് കൂടിയേ തീരൂ. ഒരു വെബ്സൈറ്റ് ഉണ്ടായിരിക്കുക, സോഷ്യൽ മീഡിയ മാർക്കറ്റിംഗ് എന്നിവയൊക്കെയാണ് ഡിജിറ്റൽ മാർക്കറ്റിംഗിന്റെ പ്രധാന വഴികൾ.

## ബിസിനസ് വെബ്സൈറ്റ്

നിങ്ങളുടെ ബ്രാൻഡിനെ കൂടുതൽ ആളുകളിലേക്ക് എത്തിക്കുകയും അതുവഴി ബിസിനസ് വർധിപ്പിക്കുകയുമാണ് ഒരു വെബ്സൈറ്റ് ചെയ്യുന്ന അടിസ്ഥാന കാര്യം. പറഞ്ഞ പോലെ, ഓൺലൈൻ ഷോപ്പിംഗ് ചെയ്യാൻ ഇഷ്ടപ്പെടുന്ന പുതിയ തലമുറയെ ടാർഗറ്റ് ചെയ്യുകയാണ് ഇതിലൂടെ നമ്മൾ ലക്ഷീകരിക്കുന്നത്. മികച്ചൊരു വെബ്സൈറ്റ് നിർമ്മിക്കുന്നതിലൂടെ രാജ്യത്തിന്റെ എന്നല്ല ലോകത്തിന്റെ ഏത് കോണിലിമുള്ള ഉപഭോക്താക്കൾക്കും ഗൂഗിളിൽ നിങ്ങളുടെ ഓൺലൈൻ ഷോപ്പ് കണ്ടെത്താൻ സാധിക്കും.

## സോഷ്യൽ മീഡിയ മാർക്കറ്റിംഗ്

2021 ജനുവരിയിലെ കണക്കനുസരിച്ച് ഇന്ത്യയിൽ 448 ദശലക്ഷം സോഷ്യൽ മീഡിയ ഉപഭോക്താക്കളുണ്ട്. 2020 നും 21 നുമിടക്ക് സോഷ്യൽ മീഡിയ ഉപഭോക്താക്കളിലുണ്ടായ വർദ്ധനവ് 78 ദശലക്ഷമാണ്. ഇത്ര വലിയൊരു ജനസംഖ്യയെ ലക്ഷ്യം വെക്കണമെങ്കിൽ നമുക്കൊരു സോഷ്യൽ മീഡിയ മാർക്കറ്റിംഗ് സ്ട്രാറ്റജി അത്യാവശ്യമല്ലേ?. ഫേസ്ബുക്, ഇൻസ്റ്റഗ്രാം, യൂട്യൂബ് പോലുള്ള ജനകീയ പ്ലാറ്റുഫോമുകളിലെല്ലാം നമ്മുടെ ശക്തമായ സാന്നിധ്യമുണ്ടാകണം.

## എതിരാളികളെ അറിയുക

ഇത് വളരെ പ്രധാനപ്പെട്ട ഒരു സ്ട്രാറ്റജിയാണ്. ഇൻഡസ്ട്രിയിൽ നമ്മോട് മത്സരിക്കുന്ന ബിസിനസുകളെക്കുറിച്ച് പഠിക്കുകയും വിലയിരുത്തുകയും ചെയ്യുക. ഇത് അവരെക്കാൾ മികച്ചതായി നമ്മുടെ ബിസിനസിനെ നിലനിർത്താൻ സഹായിക്കും. അവരുടെ മാർക്കറ്റിംഗ് രീതികൾ മനസിലാക്കുകയും അതിനനുസരിച്ച് നമ്മുടെ സ്ട്രാറ്റജികൾ രൂപപ്പെടുത്തുകയും ചെയ്യുക.

## ഫോളോവേർസിന്റെ എണ്ണം വർധിപ്പിക്കുക


നിങ്ങൾ ആസൂത്രണം ചെയ്യുന്ന സോഷ്യൽ മീഡിയ സ്ട്രാറ്റജി വിജയിക്കണമെങ്കിൽ ഫോളോവേർസിന്റെ എണ്ണം വർധിപ്പിക്കണം. അല്ലാത്തപക്ഷം, നിങ്ങൾ പോസ്റ്റ് ചെയ്യുന്ന കോൺടെന്റ് ആരും ശ്രദ്ധിക്കാൻ പോകുന്നില്ല. രസമുളവാക്കുന്ന കോണ്ടെന്റുകൾ, കോണ്ടെസ്റ്റുകൾ, സെയിലുകൾ, ഡിസ്കൗണ്ടുകൾ, ഇൻഫ്ലുൻസർ മാർക്കറ്റിംഗ് തുടങ്ങിയ രീതികളൊക്കെ ഇതിനായി ഉപയോഗിക്കാം.

## മികച്ച കസ്റ്റമർ സർവീസ്

മികച്ച കസ്റ്റമർ സർവീസ് നൽകുന്നതിലൂടെ ഉപഭോക്താവിന്റെ വിശ്വാസവും സ്നേഹവും നേടിയെടുക്കാൻ നമുക്ക് സാധിക്കും. നമ്മുടെ തന്നെ ഇത്തരം അനുഭവങ്ങളില്ലേ. കുറ്റമറ്റ കസ്റ്റമർ സർവീസ് നൽകുന്ന സ്ഥാപനങ്ങളിലേക്ക് നമ്മൾ കൂടുതൽ ആകർഷിക്കപ്പെടുന്നു. മാത്രവുമല്ല, നമ്മൾ കൂട്ടുകാരോട് ആ സ്ഥാപനത്തെ റെക്കമെൻഡ് ചെയ്യുകയും ചെയ്യും.

## വ്യത്യസ്തമായി ചിന്തിക്കുക

വ്യത്യസ്തമായി ചിന്തിച്ചവരാണ് ബിസിനസ് ലോകത്ത് എന്നും അത്ഭുതങ്ങൾ തീർത്തത്. നമ്മുടെ ബിസിനസ് എങ്ങനെ വളർത്താം, എങ്ങനെ കൂടുതൽ ആളുകളിലേക്ക് എത്തിക്കാം എന്നതിനെക്കുറിച്ച് എല്ലാവരിൽനിന്നും വിഭിന്നമായി ചിന്തിക്കുകയും നവീനവും ക്രിയാത്മകവുമായ രീതികളും ആശയങ്ങളും രൂപപ്പെടുത്തുകയും ചെയ്യുക. ഇതിനായി കൂടുതൽ പഠനത്തിലും റിസേർച്ചിലും മുഴുകുക.




**പുതിയ തലമുറ ഓഫ്ലൈനിനെക്കാൾ ഓൺലൈൻ ഷോപ്പിംഗ് ഇഷ്ടപ്പെടുന്നവരാണ്. അപ്പോൾ ഡിജിറ്റൽ സാന്നിധ്യം ഇല്ലാതെ നമ്മൾ എങ്ങനെ നിലനിൽക്കും.**

## വിശ്വാസ്യതയും മൂല്യങ്ങളും കാത്തുസൂക്ഷിക്കുക

വിശ്വസ്തർ എന്നും ആദരിക്കപ്പെടും. നിങ്ങൾ നിങ്ങളുടെ ബിസിനസിൽ വിശ്വാസ്യതയും മികച്ച മൂല്യങ്ങളും കാത്തുസൂക്ഷിക്കുന്നുണ്ടെങ്കിൽ ഉപഭോക്താക്കൾ നിങ്ങളെ വിട്ട് പോകില്ല. പുതിയ ഉപഭോക്താക്കൾ നിങ്ങളെ തേടിവരികയും ചെയ്യും.



# ബിസിനസ് കേരള: സംരംഭകർക്കൊരു മികച്ച നെറ്റ്‌വർക്ക്

ഇന്ത്യയിലെ ഏറ്റവും വലിയ ബിസിനസ് നെറ്റ്‌വർക്കുകളിൽ ഒന്നാണ് ബിസിനസ് കേരള. ബിസിനസ് സംരംഭകനും ബിസിനസ് കേരളയുടെ ഫൗണ്ടറുമായ നൗഷാദും കോഫൗണ്ടർ ഹാഷിർ അബ്ദുല്ലയും കേരളത്തിലെ ഒരുപറ്റം യുവ സംരംഭകരും വ്യാപാരികളും രൂപം നൽകിയ ഈ സംഘടന കുറഞ്ഞ വർഷങ്ങൾക്കുള്ളിൽ ആശ്ചര്യകരമായ വളർച്ചയാണ് നേടിയത്. ഒരു ലക്ഷത്തിലധികം അംഗങ്ങളുള്ള പ്ലാറ്റ്ഫോമായി, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇരുപതിലധികം ബിസിനസ് ഇവെന്റുകൾ നടത്തി ബിസിനസ് കേരള ആഗോള വ്യാപനത്തിലുള്ള ആലോചനകളിലും ചിന്തകളിലുമാണ്. എല്ലാതരം ബിസിനസുകൾക്കും മികച്ച സർവീസുകളും വിദഗ്ദോപദേശങ്ങളും നൽകുകയാണ് ബിസിനസ് കേരളയുടെ ആത്യന്തിക ലക്ഷ്യം. വിവിധ ബിസിനസുകളുടെ കൂട്ടായ സംരംഭങ്ങളിലൂടെയും പദ്ധതികളിലൂടെയും കൈരളിയുടെ വാണിജ്യ-വ്യവസായ മേഖലയ്ക്ക് കരുത്ത് പകരുകയും, ശാക്തീകരിക്കുകയും, നവീനവൽക്കരിക്കുകയും ചെയ്യുക എന്നതും ബിസിനസ് കേരളയുടെ ലക്ഷ്യങ്ങളിൽപെട്ടതാണ്. ലോകത്തെ അറിയപ്പെടുന്ന ബിസിനസ് നെറ്റ്‌വർക്കുകളിൽ ഒന്നായി വളരുക എന്നതാണ് ഈ സംഘടനയുടെ വിഷൻ. അതിനായി സമാന സംഘടനകളുമായി നെറ്റ്‌വർക്കുകൾ സ്ഥാപിക്കാനൊരുങ്ങുകയാണ്.

വാണിജ്യ പ്രദർശനങ്ങൾ സംഘടിപ്പിക്കുക, തൊഴിൽ മേളകൾ നടത്തുക, കമ്പനി പ്രൊഫൈൽ ഉണ്ടാക്കുക, പ്രൊജക്റ്റ് റിപോർട്ടുകൾ തയ്യാറാക്കിനൽകുക, ബിസിനസ്സ് പ്ലാനുകൾ രൂപീകരിക്കുക, നിക്ഷേപ സാദ്ധ്യതകൾ കണ്ടെത്തുക, സാമൂഹ്യ മാധ്യമ മാർക്കറ്റിംഗ്, ബിസിനസ് കൺസൾട്ടൻസി സർവീസ് തുടങ്ങി ഒട്ടേറെ സേവനങ്ങൾ ബിസിനസ് കേരള നൽകുന്നു.

## ബിസിനസ് കേരള മാഗസിൻ

ബിസിനസ് കേരളയുടെ പുതിയ സംരംഭമാണ് ബിസിനസ് കേരള മാഗസിൻ. ആഗോള കച്ചവട-വ്യാവസായിക രംഗങ്ങളിൽ ഉദിച്ചുവരുന്ന നവീന ആശയങ്ങളും പ്രവണതകളും കേരളത്തിലെ ബിസിനസുകൾക്ക്, പ്രത്യേകിച്ചും ചെറുകിട-ഇടത്തരം ബിസിനസുകൾക്ക്, ലളിതമായും സരളമായും പങ്കുവെക്കുക, പുതിയ സംരംഭകരെ പ്രചോദിപ്പിക്കുക, വളർന്നുവരുന്ന കഴിവുറ്റ ബിസിനസ് സംരംഭങ്ങളെയും വ്യക്തികളെയും പരിചയപ്പെടുത്തുക, നവീന വ്യാവസായിക, വാണിജ്യ ഉദ്യമങ്ങൾ ആഗ്രഹിക്കുന്നവർക്ക് വഴികാണിക്കുക, മൂല്യവത്തായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവയൊക്കെ ബിസിനസ് കേരള മാഗസിനിലൂടെ ലക്ഷീകരിക്കുന്നത്.

ആഗോളതലത്തിൽ പ്രസിദ്ധരായ ബിസിനസ് സാമ്രാട്ടുകളുടെ ലേഖനങ്ങൾ/അഭിമുഖങ്ങൾ, ബിസിനസ് വാർത്തകൾ, പ്രത്യേക ഫീച്ചറുകൾ, പുതിയ സംരംഭകർക്കും കച്ചവടക്കാർക്കുമുള്ള നിർദേശങ്ങൾ/മാർഗദർശനങ്ങൾ, ബിസിനസ് മേഖലയിലെ പുതിയ പ്രവണതകൾ, ബിസിനസിലെ അത്യന്താധുനിക സാദ്ധ്യതകൾ തുടങ്ങിയ പലതരം വിജ്ഞാനപ്രദവും ആകർഷകവുമായ കോണ്ടെന്റുകൾ അടങ്ങിയതായിരിക്കും ഓരോ ലക്കത്തെയും മാഗസിൻ.

## COMPANIES EXPOSED TO SUCCESS WITH BUSINESS KERALA B2B EXPO

1000+ Companies & still counting...

## OUR BUSINESS EVENTS

BUSINESS KERALA™

transform your business

# സൈൻകോ ഡിജിറ്റൽ കൺസൾട്ടൻസി: ബിസിനസ് വളർത്താൻ ഒരു ഡിജിറ്റൽ സ്ട്രാറ്റജി



ബിസിനസ് കിടമത്സരങ്ങളുടെ ഈ കാലത്ത് നമ്മുടെ ബിസിനസ് സംരംഭത്തെ മാർക്കറ്റിൽ എങ്ങനെ ഡൈനാമിക്കായി നിലനിർത്തും എന്നത് വളരെ പ്രധാനമാണ്. നമ്മുടെ ഉൽപന്നങ്ങളും സർവീസുകളും കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കണം. ബിസിനസ് വലിയ ഉയരങ്ങളിലേക്ക് വളരണം. ഇതിന് നമ്മൾ എന്ത് സ്ട്രാറ്റജി സ്വീകരിക്കുന്നു എന്നതാണ് ഏറ്റവും മുഖ്യം. ഇവിടെയാണ് മികച്ചൊരു മാർക്കറ്റിംഗ് സ്ട്രാറ്റജി ഉണ്ടാവേണ്ടതിന്റെ ആവശ്യകത ഉയർന്നു വരുന്നത്.

ഏറ്റവും പുതിയ സർവേകൾ പ്രകാരം, ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നവരുടെ എണ്ണം അനുദിനമെന്നോണം വളർന്നുകൊണ്ടിരിക്കുകയാണ്. 2022 ജനുവരിയിലെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ മാത്രം 658 മില്യൺ ഇന്റർനെറ്റ് ഉപയോക്താക്കളുണ്ട്. 2021 നും 2022 നുമിടക്ക് 34 മില്യൺ ഉപയോക്താക്കൾ വർധിച്ചു. 2022 ജനുവരിയിലെത്തന്നെ കണക്കുപ്രകാരം ഇന്ത്യയിൽ സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവരുടെ എണ്ണം 467 മില്യനാണ്. അഥവാ, രാജ്യത്തെ 33.4 ശതമാനം ആളുകളും സോഷ്യൽ മീഡിയ ഉപയോഗിക്കുന്നു.

ഇന്റർനെറ്റ് ഉപയോക്താക്കളുടെ വർധനവിനനുസരിച്ച് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി ഷോപ്പിംഗ് നടത്തുന്നവരുടെ എണ്ണവും അതിവേഗം ഉയർന്നുകൊണ്ടിരിക്കുന്നു. ഈയൊരു വലിയ പോപുലേഷനെ ടാർഗറ്റ് ചെയ്യണമെങ്കിൽ നമ്മുടെ ബിസിനസിന് ഒരു ഡിജിറ്റൽ സ്ട്രാറ്റജി അത്യന്താപേക്ഷിതമാണ്. ഇത്തരമൊരു സ്ട്രാറ്റജി ഇല്ലാത്തപക്ഷം ഒരുപക്ഷെ നിങ്ങളുടെ ബിസിനസ് വളരെ വിദൂരമല്ലാത്തൊരു ഭാവിയിൽ തന്നെ അപ്രസക്തവും. ചിലപ്പോൾ നിലനിൽപില്ലാത്തതുപോലുമായേക്കാം. അത്ര വേഗത്തിലാണ് ഡിജിറ്റൽ ടെക്നോളജിയുടെ വളർച്ച. ഇവിടെ സൈൻകോ ഡിജിറ്റൽ കൺസൾട്ടൻസിക്ക് നിങ്ങളെ സഹായിക്കാൻ കഴിയും.

### ഡിജിറ്റൽ സ്ട്രാറ്റജി

സോഷ്യൽ മീഡിയ മാനേജ്മെന്റ്, ഡിജിറ്റൽ ബ്രാൻഡിംഗ്, ക്രിയേറ്റീവ് ഡിസൈൻ, വെബ്സൈറ്റ് മാർക്കറ്റിംഗ് പോലുള്ള ഡിജിറ്റൽ മാർക്കറ്റിംഗിന്റെ പല വഴികളെക്കുറിച്ച് നിങ്ങൾക്ക് ധാരണയുണ്ടായേക്കാം. പക്ഷെ, ആദ്യമായി നമുക്കുവേണ്ടത് ഒരു ഡിജിറ്റൽ സ്ട്രാറ്റജിയാണ്. ഏത് തരം ഡിജിറ്റൽ മീഡിയയാണ് നമ്മുടെ ബിസിനസിന് അഭികാമ്യം, അത് എങ്ങനെ, എപ്പോൾ ഉപയോഗിക്കണം, ആരെ ടാർഗറ്റ് ചെയ്യണം എന്നതിനെക്കുറിച്ചൊക്കെ വ്യക്തവും കൃത്യവുമായ ഒരു പ്ലാൻ ഡിസൈൻ ചെയ്യുന്നതിനെയാണ് ലളിതമായിപ്പറഞ്ഞാൽ ഡിജിറ്റൽ സ്ട്രാറ്റജി എന്ന് പറയുന്നത്.

ഈ സ്ട്രാറ്റജി നിങ്ങളുടെ ബിസിനസിന് ഡിസൈൻ ചെയ്തുതരികയാണ് സൈൻകോ ഡിജിറ്റൽ കൺസൾട്ടൻസി ചെയ്യുന്നത്. 2015 മുതൽ ഈ രംഗത്ത് സൈൻകോ സജീവമായി ഇടപെടുന്നു. ഇതിനകം തന്നെ കോഴിക്കോടും കണ്ണൂരും ദുബായിലും ഒമാനിലുമടക്കം നാലു ബ്രാഞ്ചുകളിലായി വളർന്ന ഈ സ്ഥാപനം 500 ലധികം കമ്പനികൾക്ക് വിജയകരമായി കൺസൾട്ടേഷൻ നൽകി. നിങ്ങളുടെ ബിസിനസിന്റെ സ്വഭാവവും അത് വളരാനുള്ള ഏറ്റവും ഫലപ്രദമായ ഡിജിറ്റൽ മാർക്കറ്റിംഗ് വഴികളും ബിസിനസിന്റെ പൊട്ടൻഷ്യൽ കസ്റ്റമേഴ്സിനെക്കുറിച്ചുമൊക്കെ കൃത്യമായി പഠിച്ച ശേഷമാണ് ഇത്തരമൊരു സ്ട്രാറ്റജി സൈൻകോയുടെ കഴിവുറ്റ ടീം ഡിസൈൻ ചെയ്യുന്നത്. ഡിജിറ്റൽ മാർക്കറ്റിംഗ്, വീഡിയോ മാർക്കറ്റിങ്ങ്, ബിസിനസ് ബ്രാൻഡിങ്ങ്, സോഷ്യൽ മീഡിയ മാനേജ്മെൻറ് ബന്ധപ്പെട്ട എല്ലാ സർവീസുകളും സൈൻകോ നൽകിവരുന്നു. നിങ്ങളുടെ ബിസിനസിന് ഏറ്റവും അനുയോജ്യമായതും ഫലപ്രദവുമായ ഡിജിറ്റൽ സ്ട്രാറ്റെജി ഡിസൈൻ ചെയ്യാൻ സൈൻകോ ഡിജിറ്റൽ കൺസൾട്ടൻസിയെ ബന്ധപ്പെടാം.

# പേർസണൽ ബ്രാൻഡിംഗ്: ബിസിനസുകൾക്ക് ശാക്കിർ സൈൻക്കോ നൽകുന്ന വിജയമന്ത്രം




ഓരോ ബിസിനസും വിജയിക്കുന്നത് ആ ബിസിനസിന് ആരു നേതൃത്വം നൽകുന്നു എന്നതിനെ അപേക്ഷിച്ചാണ്. നേതൃത്വത്തിന് മികച്ച പേർസണൽ ബ്രാൻഡിംഗ് ഉണ്ടാവുന്നതിലൂടെ ഏത് പ്രതിസന്ധികളെ അതിജീവിക്കാനും പുതിയ ഉയരങ്ങളിലേക്ക് പറക്കാനും ബിസിനസിന് കരുത്തുണ്ടാകുന്നു. കേരളത്തിന്റെ യശസ്സ് ആഗോളമുയർത്തിയ ബിസിനസ് സാമ്രാട്ട് എം.എ യൂസുഫലിയെ ഒരു ഉദാഹരണമായി എടുക്കാം. യൂസുഫലി എന്ന പേർസണൽ ബ്രാൻഡാണ് അദ്ദേഹത്തിന്റെ സംരംഭങ്ങൾക്ക് സ്വീകാര്യത നൽകുന്ന പ്രധാന ഘടകങ്ങളിലൊന്ന്.
ഒരു വ്യക്തിയെ അവരുടെ കോംപിറ്റേറ്റർസിൽനിന്നും സ്റ്റാൻഡ് ഔട്ട് ചെയ്യാൻ സഹായിക്കുന്ന, അവരുടെ




മന്ത്രി അഹ്മദ് ദേവർകോവിലിൽ നിന്നും മികച്ച ബ്രാൻഡിങ്ങിനും മാർക്കറ്റിങ്ങിനും മുഹമ്മദ് ശാക്കിർ അവാർഡ് സ്വീകരിക്കുന്നു

ക്രെഡിബിലിറ്റി വർധിപ്പിക്കുന്ന, പ്രതിച്ഛായ ശക്തിപ്പെടുത്തുന്ന സ്ട്രാറ്റജികൾ രൂപപ്പെടുത്തുകയും പ്രയോഗവൽക്കരിക്കുകയും ചെയ്യുന്ന പ്രോസസ്സ് ആണ് പേർസണൽ ബ്രാൻഡിംഗ്. ബിസിനസ് വളർച്ചയ്ക്ക് ഒരു വ്യക്തിയുടെ പ്രശസ്തിയും സ്വീകാര്യതയും ഉപയോഗപ്പെടുത്തുകയാണ് പേർസണൽ ബ്രാൻറിങ്ങിലൂടെ നടക്കുന്നത്. ഇതിനായി ഓരോ ബിസിനസ് സംരംഭകരെയും സ്വന്തം ബ്രാന്റുകളായി രൂപകല്പന ചെയ്യുകയാണ് ഇവിടെ. സ്വീകാര്യത വർധിപ്പിക്കുന്നതിനായി സോഷ്യൽ മീഡിയാ ഇടപെടലുകളും മറ്റും കൃത്യമായി മോണിറ്റർ ചെയ്യുന്നു.

പേർസണൽ ബ്രാൻഡിംഗിൽ മികച്ച പരിജ്ഞാനവും പരിചയസമ്പത്തുമുള്ള മുഹമ്മദ് ശാക്കിർ, കുറഞ്ഞ കാലത്തിനുള്ളിൽ 100 ലധികം കമ്പനി/ബിസിനസ്സ് ലീഡേഴ്സിന് സ്ട്രാറ്റജികൾ ഡിസൈൻ ചെയ്ത് നൽകുകയും വിജയകരമായി പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. ചെമ്മാട് ദാറുൽ ഹുദയിൽ നിന്ന് പഠനം പൂർത്തിയാക്കിയ മുഹമ്മദ് ശാക്കിർ, ഹൈദരബാദ് ആസാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും എച്ച്. ആർ, മാർക്കറ്റിങ്ങ് സ്പെഷ്യലൈസ് ചെയ്ത് എം.ബി.എയും കരസ്ഥമാക്കി. മാനേജ്മെന്റിൽ മുഹമ്മദ് ശാക്കിർ യു.ജി.സി നെറ്റും നേടിയിട്ടുണ്ട്.

## പേർസണൽ ബ്രാൻഡിംഗിൽ ശാക്കിർ സൈൻക്കോ ടീമിന്റെ രീതി

ബിസിനസ് സംരംഭകനെ കൃത്യമായി പഠിച്ചും റിസർച്ച് ചെയ്തുമാണ് ശാക്കിർ & ടീം ബ്രാൻഡിംഗ് സ്ട്രാറ്റജികൾ രൂപപ്പെടുത്തുന്നത്. സൈൻകോ ഡിജിറ്റൽ കൺസൾട്ടൻസി എന്ന കമ്പനിക്ക് കീഴിൽ ഷാക്കിറിനൊപ്പം പതിനഞ്ചോളം പേരടങ്ങുന്ന അനുഭവജ്ഞരും വിദഗ്ദ്ധരുമായ ടീം പേർസണൽ ബ്രാൻഡിംഗ് മേഖലയിൽ വിജയകരമായി പ്രവർത്തിക്കുന്നു.

പേർസണൽ ബ്രാൻഡിംഗിലൂടെ നിങ്ങളുടെ വിശ്വാസ്യതയും പ്രതിച്ഛായയും വർധിക്കുന്നു. ഇതിലൂടെ നിങ്ങളുടെ ബിസിനസും വളരുന്നു. നിങ്ങൾക്ക് ഏറ്റവും അനുയോജ്യമായ കസ്റ്റമൈസ്ഡ് പേർസണൽ ബ്രാൻഡിംഗ് സ്ട്രാറ്റജികൾക്ക് ശാക്കിർ സൈൻക്കോ ടീമിനെ സമീപിക്കാം.




മുഹമ്മദ് ശാക്കിർ



ഓരോ വിജയവും വലിയ അതിജീവനമാണ്. സൗഖ്യങ്ങളും സ്വാസ്ഥ്യങ്ങളും നിറഞ്ഞ പാതകളിലൂടെ സഞ്ചരിച്ചല്ല വിജയികൾ ലക്ഷ്യസ്ഥാനങ്ങളിൽ കൊടിനാട്ടിയത്. വെല്ലുവിളികളുടെയും പ്രതിബന്ധങ്ങളുടെയും മുൾനിറഞ്ഞ് വഴികളിലൂടെ സഞ്ചരിച്ചാണ്. അങ്ങനെ വിജയിച്ച് ബിസിനസ് പണിതവരുടെ, മാലോകരെ അത്ഭുതപ്പെടുത്തിയവരുടെ, അനേകരെ പ്രചോദിപ്പിച്ചവരുടെ ആശ്ചര്യകരമായ ബിസിനസ് പ്രയാണങ്ങളുടെ കഥകൾ ഇവിടെ വായിക്കാം.

# SUCCESS STORY



# സിൽവാൻ മുസ്തഫ: യൂടൂബ് ചാനൽ വഴി ബ്രാൻഡ് വളർത്തിയ യുവ സംരംഭകൻ

വെല്ലുവിളികൾ ഏറ്റെടുക്കുന്നവർക്കുള്ളതാണ് ബിസിനസ് എന്ന് ലോകത്തിനു മുന്നിൽ തെളിയിച്ചിരിക്കുകയാണ് സിൽവാൻ മുസ്തഫ എന്ന യുവ സംരംഭകൻ.

സോഷ്യൽ മീഡിയയെ തന്റെ ബിസിനസ് വളർത്താനുള്ള മാർഗ്ഗമാക്കി കോവിഡ് പ്രതിസന്ധിയിൽ വിജയിച്ചവരുടെ പട്ടികയിൽ തന്റെ ഇടം നേടിയിരിക്കുകയാണ് യുവ സംരംഭകൻ. കോവിഡ് പ്രതിസന്ധിയിലാണ് തനിക്ക് വർഷങ്ങളോളം പരിചയമുള്ള ടൈൽസ് & സാനിറ്ററി മേഖലയെക്കുറിച്ച് യൂട്യൂബ് ചാനൽ തുടങ്ങിയാലോ എന്ന് മുസ്തഫ ആലോചിക്കുന്നത്.

ചെറുപ്പം മുതൽ കച്ചവട രംഗത്തുള്ള മുസ്തഫക്ക് തന്റെ ബിസിനസിനെ ജനങ്ങളോട് സംവദിക്കുന്നതിനെ കുറിച്ച് ആലോചിക്കാൻ അധികം സമയം വേണ്ടി വന്നില്ല. BooknPaper Musthu എന്ന യൂ ട്യൂബ് ചാനലിന് ഒരുലക്ഷം വരിക്കാർ ആയിരിക്കുന്നു ഇപ്പോൾ. ഇതിനോടകം ഒന്നര കോടിയിലധികം കാഴ്ചക്കാരാണ് ഈ യൂട്യൂബ് ചാനലിന് ഉണ്ടായിട്ടുള്ളത്.
യൂട്യൂബ് ചാനലിന്റെ പിന്തുണയോടെ തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള എല്ലാ ഭാഗത്തേക്കും തങ്ങളുടെ സ്ഥാപനമായ സിൽവാൻ ഗ്രൂപ്പിന്റെ പേരും, പെരുമയും വ്യാപിപ്പിക്കാൻ സാധിച്ചു.

ഈ മേഖലയിൽ സർവീസ് നടത്തുന്ന കേരളത്തിലെ ആദ്യത്തെ യൂട്യൂബ് ചാനൽ ആണ് BooknPaper Musthu എന്ന ഈ ചാനൽ. കച്ചവടം മാത്രമല്ല തങ്ങളുടെ മേഖലയിൽ ഉള്ള സേവനങ്ങളെ സാദാരണക്കാരിലേക്ക് എത്തിച്ചു നൽകി, എല്ലാവരിലും നല്ല പ്രശംസ പിടിച്ചു പറ്റിയ ഈ ചാനൽ പ്രചോദനമായി ഈ മേഖലയിലേക്ക് മറ്റു ബിസിനസ് കാരും കടന്ന് വന്നു. തങ്ങളുടെ സേവനങ്ങൾ ആളുകളിലേക്ക് എത്തിക്കാൻ കാരണമായത് ഒരു അഭിമാനമായി തോന്നുന്നു എന്ന് അദ്ദേഹം പറയുന്നു.

കോവിഡ് വന്നു മുച്ചൂടും തകർന്ന് കേരളത്തിലെ കച്ചവട രംഗം പകച്ചു പോയ സാഹചര്യത്തിലാണ് സിൽവാൻ ഗ്രൂപ്പിന്റെ ആറ് പുതിയ ശാഖകൾ തുറന്നു ആത്മ വിശ്വാസത്തിന്റെ വെന്നിക്കൊടി പാറിക്കാനും ഭയപ്പെടേണ്ട കരുതൽ മതി എന്ന് സമൂഹത്തിനെ ബോധ്യപെടുത്താനും BooknPaper Musthu വിനും സിൽവാൻ ടീമിനും





കഴിഞ്ഞത്. കോവിഡ് പ്രതിസന്ധി Influencer Marketing ങ്ങിലൂടെ തരണം ചെയ്തു വിജയം കൊയ്ത കഥ പറയുകയാണ് Booknpaper മുസ്തു എന്ന സിൽവാൻ മുസ്തഫ. Influencer Marketing വഴി പതിനാല് ജില്ലകളിലായി ലക്ഷക്കണക്കിന് സംതൃപ്തരായ ഉപഭോക്താക്കളെ നേടിയെടുക്കാൻ കഴിഞ്ഞെന്നതാണ് സിൽവാൻ ഗ്രൂപ്പിൻെറ പ്രത്യേകത. മാത്രമല്ല, ബിസിനസ് പ്രതിസന്ധിയിലായിരിക്കുന്ന കോവിഡ് മഹാമാരിയിലാണ് സിൽവാൻ ഗ്രൂപ്പ് അതിൻെറ ആറ് പുതിയ ബ്രാഞ്ചുകൾ തുറക്കാൻ ധൈര്യം കാണിക്കുന്നത്. സൈതാലിക്കുട്ടി ഹാജിയും ഫൈസലും ശുഹൈബും മുസ്തഫയും നേതൃത്ത്വം കൊടുക്കുന്ന അതിനിപുണരായ സിൽവാൻ ഫാമിലി എന്ന മാനേജ്മെൻെറ് ടീമാണ് ഈ വിജയത്തിൻെറ പിന്നിൽ ചുക്കാൻ പിടിക്കുന്നത്.

സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള ബിസിനസ് സംരംഭത്തിന് തൊഴിലാളികളും കസ്റ്റമേർസും മികച്ച പിന്തുണയാണ് നൽകുന്നത്. മാത്രമല്ല, ആത്മാർത്ഥരായ സിൽവാൻ ഗ്രൂപ്പിലെ ജീവനാക്കാരാണ് ഈ വിജയത്തിൻെറ പിന്നിലെന്നും അദ്ദേഹം പറയുന്നു.

# Recipe Made Simple

ലോകത്ത് എല്ലായിടത്തും ഫ്രൈഡ് ചിക്കൻ ഇന്ന് ഫാസ്റ്റ് ഫുഡ് വിഭവങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി മാറിയിരിക്കുകയാണ്. ലോകത്തിലെ അടുക്കളകൾ വൈവിധ്യമാർന്ന ഫ്രൈഡ് ചിക്കനുകളാൽ സമ്പന്നമാണെങ്കിലും ഈ രംഗത്ത് അൽ റൂബ ഫ്രൈഡ് ചിക്കൻ മസാലക്ക് വ്യക്തമായ ഇടം കണ്ടെത്താനായി എന്നത് അഭിമാനത്തോടെ പറയാനാകും.

മധൂർ ഫുഡ് പ്രൊഡക്ട്സ് എന്ന് പേരിട്ടിരിക്കുന്ന ഈ കമ്പനിയുടെ ചക്രം തിരിക്കുന്ന വ്യക്തിയുടെ ചരിത്രമാണ് അൽ റൂബയുടെ പ്രധാന പാരമ്പര്യം. മധൂർ സ്വദേശിയായ കെ.ബി മുനീറാണ് ഇതിന്റെ സ്ഥാപകനും ഉടമസ്ഥനും. ലോകത്ത് അറിയപ്പെടുന്ന ഫാസ്റ്റ് ഫുഡ് ചെയ്ൻ റെസ്റ്റോറന്റ് മേഖലയിൽ ജോലി ചെയ്തതിന്റെ 25 വർഷത്തെ പരിചയസമ്പന്നതയുടെയും കെ.ബി മുനീറിന്റെ വർഷങ്ങളോളമുള്ള ഗവേഷണത്തിന്റെയും ഉത്തരമാണ് അൽ റൂബ. കാസർഗോഡ് ജില്ലയിലെ മധൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ കമ്പനി 2019ലാണ് സ്ഥാപിതമായത്.

ഫ്രൈഡ് ചിക്കന്റെ തനതായ രുചി നൽകുന്ന ഈ സംരംഭം നിലവിൽ വൈഡ് ആംഗിൾ ബിസിനസ് നടത്തുന്ന ഫ്രൈഡ് ചിക്കൻ മസാലയുടെ ഒരു പ്രമുഖ നിർമാണ കമ്പനിയായി അൽ റൂബ മാറികഴിഞ്ഞിരിക്കുന്നു. ഈ മസാല ഉപഭോക്തൃ കേന്ദ്രീകൃതമാണ്. ഈ വിശ്വാസമാണ് ദീർഘകാലമായി അൽ റൂബയെ വളർത്തിക്കൊണ്ടിരിക്കുന്നത്. അനാവശ്യമായ കെമിക്കലുകൾ ഒന്നുമില്ലാതെ, പൂർണ്ണമായും തദ്ദേശീയമായി നിർമിച്ച എന്നതാണ് അൽ റൂബയുടെ ഏറ്റവും വലിയ പ്രത്യേകത.

അൽ റൂബ ഫ്രൈഡ് ചിക്കൻ മസാല ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ചേരുവകൾ പൂർണ്ണമായും ശുദ്ധമാണ്. കൂടാതെ ഇത് വൃത്തിയുള്ള ഗ്രൈൻഡിംഗ് മില്ലുകളിൽ പൊടിക്കുന്നു. ഈ ഫ്രൈഡ് ചിക്കൻ മസാലയിൽ അനാവശ്യവും അനാരോഗ്യകരവുമായ വസ്തുക്കളൊന്നും ഉപയോഗിക്കുന്നില്ല. അതിനാൽ ഈ മസാലയെ അമ്മയുടെ സ്നേഹം പോലെ പരിശുദ്ധമായി വിശ്വസിക്കാം. മാത്രമല്ല, അൽ റൂബ മസാല ഒരു ബജറ്റ് ഫ്രണ്ട്ലി ഒപ്ഷനാണ്. 85 ഗ്രാം അൽ റൂബ മസാല ഉപയോഗിച്ച് 2.5 കിലോ ഫ്രൈഡ് ചിക്കൻ തയ്യാറാക്കാം. കൂടുതൽ ഫ്രൈഡ് ചിക്കനുണ്ടുക്കാൻ മസാലയുടെ ഒരു കാറ്ററിംഗ് പായ്ക്ക് ലഭ്യമാണ്. ഈ പാക്കറ്റിലും കൃത്രിമ നിറങ്ങളും ചേരുവകളും ഒന്നുംതന്നെ ഇല്ല. ഒരു കിലോഗ്രാം വരുന്ന ഈ പായ്ക്കറ്റ് 25 കിലോ ചിക്കനിന് തന്നെ ധാരാളമാണ്. ഈ മസാലയുടെ സഹായത്തോടെ ബർഗറുകൾ, സിങ്കറുകൾ(zinger) എന്നിവയും എളുപ്പത്തിൽ തയ്യാറാക്കാം.

കാൽനൂറ്റാണ്ടിന്റെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് അൽ റൂബ പിറവിയെടുക്കുന്നത്. ഈ വർഷങ്ങളിൽ ആഴത്തിലുള്ള ഗവേഷണം നടത്തി ഫ്രൈഡ് ചിക്കനിൽ അദ്ഭുതപൂർവമായ രുചി കണ്ടെത്തിയ ഈ കമ്പനിക്ക് 2021-ൽ ബിസിനസ് കേരളയുടെ ബിസിനസ് എക്സലൻസ് അവാർഡും അതേ വർഷം തന്നെ ജെ.സി.ഐ ബ്രാൻഡ് ഓഫ് ദ ഇയർ അവാർഡും നേടാനായത് കമ്പനിയുടെ വിജയ ഗമനത്തിന്റെ ഒരു പൊൻ തൂവലായി മാറിയിരിക്കുകയാണ്. ഇന്ന് കേരളത്തിലുടനീളമുള്ള അൽ റൂബ കമ്പനി ചില ഫലപ്രദമായ ബിസിനസുകളിലൂടെ ഇന്ത്യൻ വിപണി സജീവമാക്കുകയും രാജ്യത്തിന് പുറമെ ഗൾഫ് രാജ്യങ്ങളിലും മറ്റു ഏഷ്യൻ രാജ്യങ്ങളിലും യൂറോപ്പിലും ഒരു ആഗോള ബിസിനസ് ശൃംഖല കെട്ടിപ്പടുക്കാനുമുള്ള യാത്രയിലാണ്. വിദേശ രാജ്യങ്ങളിലെ എക്സ്പോർട്ടിങ്ങിനായി 8714442224 എന്ന നമ്പറിൽ കോൺടാക്ട് ചെയ്യുക.



# ജനമനസ്സുകൾ കീഴടക്കി TOI കഫെ ഉയരങ്ങളിലേക്ക്

എങ്ങിനെയും പണമുണ്ടാക്കാം എന്ന പുതിയ ഭ്രാന്തൻ ജൽപനങ്ങളെ തള്ളിമാറ്റി സമൂഹത്തെ കൂടെ ചേർത്തുനിർത്തികൊണ്ട് നവീനമായ ആശയങ്ങളും പ്രകൃതിക്കിണങ്ങിയ ചേരുവ കൊണ്ടും കൂടെയുള്ളവരുടെ കട്ടസപ്പോർട്ടും എല്ലാംകൂടി ഒരു രസികൻ കിളിക്കൂട് ഒരുക്കി TOI കഫെ ചങ്ക്സ് കേരളത്തിൽ ഒരു ചർച്ചാവിഷയമാവുകയാണ്. സിങ്കപ്പൂർ സ്റ്റൈൽ ഡ്രൈവ് ത്രൂ കഫെ ഷോപ്പ്, വാഹനത്തിൽ നിന്നിറങ്ങാതെ തന്നെ യത്രക്കാരായ നമ്മുടെ അതിഥികൾക്ക് അവരുടെ യാത്രക്കാവശ്യമായത് ഓർഡൻ ചെയ്യാം. നിമിഷങ്ങൾ കൊണ്ട് കാപ്പച്ചിനോ, നിൽക്കൂസ് ബർഗർ, സാൻവിച്ച്, സ്നാക്സ്, ഡ്രൈഫ്രൂട്ട്സ്, ഐസ് ക്രീം, ഫ്രഷ്സ്, സോഫ്റ്റ് ഡ്രി ംഗ്സ് അങ്ങിനെ TOI കഫെ സ്പെഷ്വൽ വിഭവങ്ങൾ അവരിലേക്ക് എത്തുന്നു. യാത്രക്കാർക്ക് ടോയ്ലറ്റ് ഉപയോഗിക്കുവാനും, പെട്രോൾ അടിക്കുവാനും ടോയ് കഫെ ആസ്വദിക്കുവാനും സാധിക്കുന്നു. അടുത്ത ഘട്ടത്തിൽ ചില ഔട്ട്ലറ്റുകളിലെങ്കിലും മിനി സൂപ്പർ മാർക്കറ്റുകളും ലക്ഷ്യമാക്കുന്നുണ്ട്. ബ്രൈറ്റ്മെൻ വെൻഞ്ചേഴ്സ് എൽ.എൽ.പി എന്ന കമ്പനിക്ക് കീഴിൽ പ്രവർത്തിക്കുന്ന ടോയ് കഫെയുടെ മലപ്പുറം, കൊച്ചി ശാഖകളിൽ സന്ദർശനം നടത്തുന്നവർക്ക് പുതിയ അനുഭവങ്ങൾ സമ്മാനിക്കുകയാണ്. രണ്ട് വർഷം കൊണ്ട് കേരളത്തിലുടനീളം 200 ഔട്ട്ലറ്റുകളാണ് BMV ലക്ഷ്യമാക്കുന്നത്. ജർമ്മൻ ടെക്നോളജിയുടെ TOI CAFE മെഷിനറീസ് അന്താരാഷ്ട്രനിലവാരത്തിലുള്ള ബാരിസ്റ്റ ട്രൈനിംഗ് കേരളത്തിലുടനീളം ഒരേ സാങ്കേതികവിദ്യ, ഒരേ ഇന്റീരിയർ ഇങ്ങിനെ ടോയ് കഫെ വ്യത്യസ്ത മായ ബ്രാന്റിംഗ് അനുഭവങ്ങൾ പങ്കുവെക്കുകയാണ്. പ്രവാസലോകത്ത് വർഷങ്ങളുടെ അനുഭവസമ്പത്തുമായി Lulu, Nesto, അൽമദീന ഹൈപ്പർമാർക്കറ്റുകളുടെ തലപ്പത്തുണ്ടായിരുന്ന നാസർ അബൂബക്കർ കൊടുങ്ങല്ലൂർ ചെയർമാൻ, സൗദിയിൽ ബിസിനസ് രംഗത്തും സാമൂഹ്യ മേഖലയിലും പ്രവർത്തിച്ചിരുന്ന ഹാരിസ് ബാബു മഞ്ചേരി മാനേജിംഗ് ഡയറക്ടർ, സൗദിയിലെ കാനൂ കമ്പനിയിലെ ചീഫ് അകൗണ്ടന്റായിരുന്ന നൗഷാദ് വടപുറം സി.എഫ്.ഒ, മാധ്യമരംഗത്തും സാമൂഹ്യ രംഗത്തും പ്രവർത്തിച്ചിരുന്ന ഉബൈദ് എടവണ്ണ സി.ഇ.ഒ എന്നിവരുടെ കരുത്തുറ്റ നേതൃത്വം ടോയ് കഫെക്ക് തണലേകുന്നു. പ്രവാസി പുനരധിവാസത്തിന് ടോയ്കഫെ എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കി ഒട്ടേറെ പേർക്ക് തൊഴിലവസരങ്ങളും നിക്ഷേപകർക്ക് ആകർഷകമായ സ്ഥിര വരുമാനവും ടോയ് കഫെ ഉറപ്പ് നൽകുന്നുണ്ട്. ഓരോ ജില്ലയിലും ടോയ് കഫെയുടെ പുതിയ ഔട്ട്ലറ്റുകൾക്ക് ഫ്രാഞ്ചൈസിക്കായി +91 7306 748 855, +91 9496 850 116 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. കേന്ദ്ര, സംസ്ഥാന സർക്കാറുകളുടെ അകമഴിഞ്ഞ പിന്തുണയോടെ ടോയി കഫെ കൂടുതൽ ഉയരങ്ങൾ കീഴടക്കുക തന്നെ ചെയ്യും. BMV യുടെ കീഴിൽ അടുത്തഘട്ടമായി ഹൈപ്പർമാർക്കറ്റ്, IT എഡ്യുക്കേഷൻ, ടൂറിസം, ഡിജിറ്റൽ മീഡിയ എന്നിവയും നടപ്പിലാക്കുമെന്ന് BMV മാനേജ്മെന്റ് അറിയിച്ചു. അറബിക്കടലിന്റെ റാണി, കേരളത്തിന്റെ വാണിജ്യ വ്യവസായിക തലസ്ഥാനമെന്നറിയപ്പെടുന്ന കൊച്ചിയുടെ ഹൃദയ ഭാഗങ്ങളായ വൈറ്റില വെൽകെയർ ഹോസ്പിറ്റലിൽ എതിർവശത്തായിയുള്ള ഇന്ത്യൻ ഓയൽ പെട്രോൾ പമ്പ്, മറൈൻ ഡ്രൈവിൽ പുറവൻ കരയുടെ എതിർവശത്ത്, പനമ്പള്ളി നഗറിൽ ശിഹാബ് തങ്ങൾ റോഡിൽ, ലാന്റേൺ ടവറിന് എതിർവശത്ത് വെണ്ണലയിൽ, വൈറ്റില ഹബ് ബസ് ടെർമിനൽ എന്നിവിടങ്ങളിൽ ടോയി കഫെയുടെ സാന്നിധ്യമറിയിക്കുന്നുണ്ട്. തലസ്ഥാന നഗരി യായ തിരുവനന്തപുരത്തും ഉടൻ പ്രവർത്തനമാരംഭിക്കും.






# VIERA
## വുഡൻ ഫ്ളോറിംഗിന്റെ വശ്യലോകം

അഞ്ചു പതിറ്റാണ്ടിന്റെ പാരമ്പര്യവുമായി കൈരളിയുടെ വുഡൻ ഇൻഡസ്ട്രിയിൽ ശക്തമായ സാന്നിധ്യമായി നിറഞ്ഞുനിൽക്കുകയാണ് വിക്ടറി. പേരുപോലെത്തന്നെ അഞ്ചു ദശാബ്ദങ്ങളിൽ വിജയങ്ങളുടെ പുതിയ ഇടങ്ങളിലേക്ക് സഞ്ചരിച്ച ഈ സംരംഭം ഇന്ന് വിയേര എന്ന ബ്രാൻഡിൽ വുഡൻ ഫ്ളോറിംഗിന്റെ നൂതന രീതികളും പ്രവണതകളും പരിചയപ്പെടുത്തി ഉപഭോക്താക്കളുടെ ഇഷ്ടം നേടിയിരിക്കുന്നു.

1972 ൽ കണ്ണൂരിൽ വിക്ടറി സോമിൽ ആൻഡ് വുഡ് ഇൻഡസ്ട്രീസ് എന്ന പേരിലാണ് മരത്തടി വ്യവസായ മേഖലയിൽ ഈ കമ്പനി ആരംഭം കുറിക്കുന്നത്. പിന്നീട് ഫർണിച്ചർ നിർമ്മാണ മേഖലയിലേക്ക് ബിസിനസ് വളർന്നു. 2005 മുതൽ വുഡൻ ഫ്ളോറിംഗ് രംഗത്തേക്കും കാലെടുത്തുവെച്ചതോടെ വിക്ടറി വളർച്ചയുടെ പുതിയ ഉയരങ്ങൾ കീഴടക്കുകയും വുഡൻ ഫ്ലോറിംഗിൽ ശ്രദ്ധകേന്ദ്രീകരിച്ച വിയേര എന്ന ബ്രാൻഡായി കീർത്തിക്കൊള്ളുകയും ചെയ്യുന്നു.

നിങ്ങളുടെ വീടിനും ഓഫീസിനുമൊക്കെ നിങ്ങൾ സ്വപ്നം കാണുന്ന വുഡൻ ഫ്ളോറിംഗ് നൽകി മനോഹരമാക്കുകയാണ് വിയേര ചെയ്യുന്നത്. അഴകൊഴുകുന്ന ഇടങ്ങളായി നിങ്ങളുടെ നിലങ്ങൾ രൂപാന്തരപ്പെടുന്നു. ഫ്ളോറിംഗിലെ അതിനൂതന ട്രെൻഡുകൾ കൊണ്ടുവന്ന് കാണുന്നവരുടെ കാഴ്ച്ചകളിൽ ആശ്ചര്യം നിറക്കുന്ന വശ്യത ഫ്ളോറുകൾക്ക് വിയേര നൽകുന്നു.

തേക്ക്, ബർമ തേക്ക്, ഇരുൾ പോലുള്ള ഈടും ഉറപ്പുമുള്ള മനോഹരമായ ഒറിജിനൽ മരങ്ങളുപയോഗിച്ചാണ് വിയേര ഫ്ളോറിംഗ് തയ്യാറാക്കുന്നത്. തെരഞ്ഞെടുക്കുന്ന മരങ്ങളുടെ ഗുണമേന്മയുടെ കാര്യത്തിൽ തികഞ്ഞ നിസ്കർഷത പുലർത്തുന്നതിനാൽ ഏത് കാലാവസ്ഥയിലും ഒരു കേടും കൂടാതെ ഫ്ളോറിംഗ് പൂർണ്ണ കാന്തിയിൽ തിളങ്ങിനിൽക്കും.





### ഫ്ളോറിംഗ് ഇൻസ്റ്റാളേഷൻ & ഫിനിഷിംഗ്

പുതിയ ഫ്ളോറുകൾ സ്ഥാപിക്കുകയാണ് വിയേരയുടെ സർവീസുകളിലൊന്ന്. നിങ്ങളുടെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും സ്വപ്നങ്ങളും ചോദിച്ചറിഞ്ഞശേഷം മാത്രമാണ് നിങ്ങളുടെ സ്പേസിന് ഏറ്റവും അനുയോജ്യമായ ഫ്ളോറിംഗ് വിയേരയിലെ കഴിവുറ്റ ടീം ഡിസൈൻ ചെയ്യുന്നത്. ഇവിടെ, നിങ്ങളുടെ ആഗ്രഹങ്ങളും വിയേരയുടെ ആശയങ്ങളും ഡിസൈനുകളും ചേർന്നൊരു അതിമനോഹരമായ ഫ്ളോറിംഗ് സൊല്യൂഷൻ രൂപപ്പെടുന്നു.

### മെയിന്റനൻസ് & പോളിഷിംഗ്

നിലവിലെ പഴഞ്ചൻ ഫ്ളോറിംഗ് കൂടുതൽ മനോഹരവും കണ്ടംപററിയുമാക്കുക, നിർമ്മിച്ച ഫ്ളോറിംഗിന്റെ പരിപാലനം എന്നിവയാണ് മറ്റു സർവീസുകൾ. നിലവിലെ ഫ്ളോറിംഗ് മാറ്റാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ വിയേരക്ക് വശ്യമായ പല ഓപ്ഷനുകളും നിങ്ങൾക്ക് നൽകാൻ സാധിക്കും. ഇവിടെയും നിങ്ങളുടെ ഇഷ്ടങ്ങൾക്കാണ് മുൻഗണന. നിങ്ങളുടെ ഇഷ്ടങ്ങൾ കേട്ടശേഷമാണ് വിയേര ഡിസൈനുകൾ തയ്യാറാക്കുക.

VIERA INTERIORS
NATURAL WOODEN FLOORING

VICTORY

Customer Care: **+91 9495 014 837 | +91 9605 139 693**







# ഡിജിബിസ് ബിൽഡ് ഓൺ ക്വാളിറ്റി റേറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി

## ഇനി കുറഞ്ഞ ചെലവിൽ, ആശ്വാസത്തോടെ വീട് നിർമിക്കാം

അനുദിനം വർധിക്കുന്ന നിർമ്മാണ സാമഗ്രികളുടെ പൊള്ളുന്ന വില കാരണം ദുരിതത്തിലായ സാധാരണക്കാർക്ക് സാമ്പത്തിക ബാധ്യതയും ഭാരവുമില്ലാതെ വീടുനിർമ്മാണത്തിന് വ്യത്യസ്ത സംരംഭങ്ങളും പദ്ധതികളുമായി നിർമ്മാണ രംഗത്ത് വേറിട്ടുനിൽക്കുകയാണ് ഡിജ്ബിസ് ബിൽഡ് ഓൺ ക്വാളിറ്റി റേറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി. ഇതിനകം 800 ലധികം പദ്ധതികൾ നടപ്പിലാക്കിയ ഡിജ്ബിസ് ബിൽഡ് ഓൺ ക്വാളിറ്റി റേറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി കേരളത്തിലെ നിർമ്മാണ രംഗത്ത് പുതിയ ഉയരങ്ങൾ കീഴടക്കുകയാണ്. കേരളത്തിൽ പതിനാല് ജില്ലകളിലുമായി ഇത് വരെ അറുനൂറിൽപരം സംതൃപ്തരായ കസ്റ്റമേഴ്സിന് വീടുകൾ നിർമിച്ചു നൽകാനായി. മാത്രമല്ല ഇരുനൂറിൽ പരം പ്രൊജക്റ്റുകൾ നിലവിൽ നടന്നുകൊണ്ടിരിക്കുന്നു. ഇടപ്പള്ളി കോർപറേറ്റ് ഓഫീസിന് കീഴിലായി ആറ് സബ്ഓഫീസുകളുമുണ്ട്. കൂടാതെ ബാംഗ്ലൂരിൽ പുതിയ ഓഫീസിൻെറ നിർമാണം ഉടൻ തുടങ്ങാനിരിക്കുന്നു.

നിർമ്മാണ രംഗത്ത് അധിക ലാഭം കൊയ്ത് കൺസ്ട്രക്ഷൻ കമ്പനികളും കോൺട്രാക്ടർമാരും സാധാരണക്കാരന്റെ നടുവൊടിച്ച കാലത്ത് അതിനൊരു പരിഹാരമെങ്ങനെ കാണാമെന്ന ചിന്തയിൽ നിന്നാണ് 2017 ൽ ഡിജ്ബിസ് ബിൽഡ് ഓൺ ക്വാളിറ്റി റേറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപംകൊള്ളുന്നത്. സ്ക്വയർ ഫീറ്റിന് കമ്പനികൾ 1500–1600 രൂപവരെ ഈടാക്കിയിരുന്ന സമയത്ത് വെറും 1000 രൂപക്ക് ക്വാളിറ്റിയിൽ ഒരു വിട്ടുവീഴ്ച്ചയുമില്ലാതെ തുല്യപണി ചെയ്ത് ഡിജ്ബിസ് ബിൽഡ് ഓൺ ക്വാളിറ്റി റേറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി നിർമ്മാണ രംഗത്തെ ആശ്ചര്യപ്പെടുത്തി. ഈയൊരു അപ്രോച് ഉപഭോക്താക്കൾക്കിടയിൽ കമ്പനിയെ പ്രിയങ്കരമാക്കുകയും അര പതിറ്റാണ്ടിനിടയിൽ വലിയ വളർച്ച കൈവരിക്കാൻ പ്രാപ്തമാക്കുകയും ചെയ്തു.

നിർമ്മാണ രംഗത്ത് തികഞ്ഞ പരിജ്ഞാനവും പരിചയവുമുള്ള മികച്ചൊരു ടീമാണ് ഡിജ്ബിസ് ബിൽഡ് ഓൺ ക്വാളിറ്റി റേറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ ശക്തി. ഉപഭോക്താവിന്റെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും പൂർണ്ണമായും മനസ്സിലാക്കിയാണ് ടീം ഓരോ പ്രൊജക്റ്റും രൂപകൽപ്പന ചെയ്യുന്നത്. കണ്ടംപററിയായിട്ടുള്ള ഡിസൈനുകളും ഗുണമേന്മയുള്ള നിർമ്മാണ സാമഗ്രികളും ആലോചനാപൂർവ്വമായ എക്സിക്യൂഷനും ഡിജ്ബിസ് ബിൽഡ് ഓൺ ക്വാളിറ്റി റേറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ ഓരോ പ്രോജെക്റ്റിനെയും അനന്യമാക്കുന്നു. ഇതിനകം അനേകം പേർക്ക് തൊഴിൽ നൽകാൻ സാധിച്ചുവെന്നതും

കമ്പനിയുടെ വലിയ നേട്ടമാണ്.

## പലിശ രഹിത മാസ തവണ പദ്ധതി

കാലത്തിനൊത്ത പരിഷ്കരണവും വ്യത്യസ്തമായ സമീപനങ്ങളുമാണ് ഡിജ്ബിസ് ബിൽഡ് ഓൺ ക്വളിറ്റി റേറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ വിജയത്തിൽ നിർണ്ണായകമായത്. മേൽപറഞ്ഞ പോലെ, ആദ്യം മറ്റു കമ്പനികളേക്കാൾ വളരെ അഫോർഡബ്ളായി വീട് നിർമ്മിച്ച് നൽകി ഉപഭോക്താക്കൾക്കൊപ്പം നിന്ന കമ്പനി പിന്നീട് പലിശ രഹിത ഇൻസ്റ്റാൾമെന്റ് സ്കീം പരിചയപ്പെടുത്തി. വീട് നിർമ്മാണത്തിന് വരുന്ന മുഴുവൻ സംഖ്യയുടെ പകുതി മാത്രം ഉപഭോക്താവ് അടക്കുകയും ബാക്കിയുള്ള പകുതി വീടുപണി പൂർത്തിയായ ശേഷം ഭാരമില്ലാതെ ചെറിയ തുകകളായി നിശ്ചിത വർഷങ്ങൾക്കുള്ളിൽ തിരിച്ചടക്കുന്നതാണ് ഈ പലിശ രഹിത സംവിധാനം. മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വിഭിന്നമായി ഒറിജിനൽ ഡോക്യുമെന്റ്സ് ആവശ്യപ്പെടാതെ ലളിതമായ ഇൻസ്റ്റാൾമെന്റ് സ്കീം വ്യവസ്ഥയാണ് ഡിജ്ബിസ് ബിൽഡ് ഓൺ ക്വളിറ്റി റേറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ലഭ്യമാക്കുന്നത്. ഓരോരുത്തരും ആഗ്രഹിക്കുന്ന വീടുകളും കെട്ടിടങ്ങളും നിർമിക്കുന്നതിന് സാമ്പത്തികശേഷി കൈവശമില്ലാത്തവർക്കും സ്വന്തം വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ പലിശയെ ആശ്രയിക്കാൻ താൽപര്യമില്ലാത്തവർക്കും ഈ സംരംഭം വളരെ വലിയ ആശ്വാസമാണ് പകരുന്നത്.



## സീനിയോരിറ്റി ഡിസ്കൗണ്ട് സ്കീം

ഡിജ്ബിസ് ബിൽഡ് ഓൺ ക്വളിറ്റി റേറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ മറ്റൊരു പ്രധാന സംരംഭമാണ് സീനിയോരിറ്റി ഡിസ്കൗണ്ട് ഭവന പദ്ധതി. ഇതും ഉപഭോക്താക്കൾക്കുള്ള ഒരു സമാശ്വാസ പദ്ധതിയാണ്. ദിനം പ്രതി വർധിക്കുന്ന നിർമ്മാണ സാമഗ്രികളുടെ വിലയും തൊഴിലാളികളുടെ വേതനവും മൂലം കഷ്ടപ്പെടുന്ന ഉപഭോക്താക്കൾക്ക് മാർക്കറ്റ് റേറ്റിൽനിന്നും 20 ശതമാനം സീനിയോരിറ്റി ഡിസ്കൗണ്ട് നൽകുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. കമ്പനിയുടെ ഓരോ മാ



> **ദിനംപ്രതി വർധിക്കുന്ന നിർമ്മാണ സാമഗ്രികളുടെ വിലയും തൊഴിലാളികളുടെ വേതനവും മൂലം കഷ്ടപ്പെടുന്ന ഉപഭോക്താക്കൾക്ക് മാർക്കറ്റ് റേറ്റിൽ നിന്നും 20 ശതമാനം സീനിയോരിറ്റി ഡിസ്കൗണ്ട് നൽകുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം.**



സത്തെയും ടേണോവറിന്റെ ഒരു വിഹിതം ഉപഭോക്താവിന് തിരിച്ചുനൽകിയാണ് കമ്പനി ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നത്. ഡിജിബിസ് കൺസ്യൂമർ കൺസോർഷ്യം ആദ്യമായാണ് കൺസ്ട്രക്ഷൻ മേഖലയിൽ തന്നെ വരുന്നത്. ഈ കൺസ്യൂമർ കൺസോർഷ്യത്തിൻെറ കീഴിലാണ് 20 ശതമാനം സീനിയോരിറ്റി ഡിസ്കൌണ്ട് സ്കീം ആവിഷ്കരിച്ചിട്ടുള്ളത്. ഇത് പോലെ വീട്, കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട് ഒരുപാട് പദ്ധതികൾ കൺസ്യൂമർ കൺസോർഷ്യത്തിലൂടെ കമ്പനി അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുമുണ്ട്. അത് പോലെ കൺസ്ട്രക്ഷൻ മേഖലയിൽ കേരളത്തിൽ ആദ്യമായി 50–50 ഇൻസ്റ്റാൾമെന്റ് സ്കീം അവതരിപ്പിച്ചതും ഡിജ്ബിസ് ബിൽഡ് ഓൺ ക്വാളിറ്റി റേറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ്.

